# Pakistan CdA summoned and demarched on the abduction and torture of Indian High Commission Officials

June 16, 2020

---

# ഇന്ത്യൻ ഹൈ കമ്മീഷൻ ഉദ്യോഗസ്ഥരെ തട്ടിക്കൊണ്ടുപോയി ഉപദ്രവിച്ച സംഭവത്തിൽ പാക്കിസ്ഥാൻ CdA ക്ക് സമൻസ് നൽകി

ജൂൺ 16, 2020

ഇസ്ലാമാബാദിൽ നിന്നും രണ്ടു ഹൈ കമ്മീഷൻ ഉദ്യോഗസ്ഥരെ  പാക്കിസ്ഥാൻ സുരക്ഷാ ഏജൻസികൾ തട്ടിക്കൊണ്ടു പോയതിൽ ശക്തമായ പ്രതിഷേധം നടക്കുകയും പാക്കിസ്ഥാൻ ഹൈ കമ്മീഷൻ ചുമതലയുള്ള ശ്രീ ഹൈദർ ഷായ്ക്കെതിരെ സമൻസ് നൽകുകയും ചെയ്തു.

2020 ജൂൺ 15 ന് ഇന്ത്യ ഹൈ കമ്മീഷനിലെ രണ്ടു ഉദ്യോഗസ്ഥരെ പാകിസ്താനി ഏജൻസികൾ ബലം പ്രയോഗിച്ചു തട്ടിക്കൊണ്ട് പോയി 10 മണിക്കൂറോളം അനധികൃതമായി കസ്റ്റഡിയിൽ വയ്ക്കുകയായിരുന്നു.ഇസ്ലാമബാദിൽ ഉള്ള ഇന്ത്യൻ ഹൈ കമ്മീഷന്റെയും ഡൽഹിയിലെ വിദേശകാര്യമന്ത്രാലയത്തിൻെറയും ശക്തമായ ഇടപെടലിന് ശേഷമാണ് അവർ മോചിതനായത്. രണ്ടു ഉദ്യോഗസ്ഥരും ചോദ്യം ചെയ്യാനിലും, പീഡനത്തിന് ശാരീരിക ഉപദ്രവങ്ങൾക്കും വിധേയമായിട്ടുണ്ട്, അവർക്ക് ഗുരുതരമായ പരിക്കുകളും ഉണ്ട്. അവരുടെ  വീഡിയോ ഗ്രാഫുകൾ തയ്യാറാക്കുകയും സാങ്കൽപ്പികമായ  ആരോപണങ്ങളും കെട്ടിച്ചമച്ച കുറ്റങ്ങളും ലിറ്റാനി സ്വീകരിക്കാൻ നിർബന്ധിക്കുകയും ചെയ്തു. അവർ സഞ്ചരിച്ചിരുന്ന ഹൈ കംമീഷൻ വാഹനം വളരെയധികം കേടുപാടുകൾ വരുത്തിയിരിക്കുന്നു.

പാകിസ്താനി അധികൃതരോട് ഈ സംഭവത്തിൽ ഇന്ത്യ ശക്തമായി അപലപിക്കുകയും നടപടികൾ ആവശ്യപ്പെടുകയും ചെയ്തു.കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ഹൈ കമ്മീഷൻ ഉദ്യോഗസ്ഥർക്ക് നേരെ നടക്കുന്ന ശ്കതമായ നിരീക്ഷണം , പദ്രവം, ഭീഷണി എന്നിവയ്ക്ക് ശേഷം ശേഷം പാകിസ്താനി അധികാരികളുടെ ഭാഗത്തു നിന്നുണ്ടായ മുൻകൂർ തീരുമാനിച്ചതും ഗുരുതരവും പ്രകോപനപരവുമായ ഈ പ്രവർത്തനം ഇസ്ലാമാബാദിലെ ഇന്ത്യ ഹൈ കമ്മീഷന്റെ സാധാരണ പ്രവർത്തനം തടസപ്പെടുത്തുന്നതിനായി രൂപപ്പെടുത്തിയതാണ്, ഹൈ കമ്മീഷൻ ഉദ്യോഗസ്ഥർക്ക് മേൽ തെറ്റായ ആരോപണങ്ങളും കെട്ടിച്ചമച്ച കുറ്റങ്ങളും ചുമത്തുന്നതിനുള്ള പാകിസ്താനി അധികാരികളുടെ ശ്രമം മൊത്തമായി നിഷേധിക്കപെടുകയായിരുന്നു.

ഇത്തരം പ്രവർത്തനങ്ങൾ 1961 ലെ നയതന്ത്ര ബന്ധങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള വിയന്ന കൺവേഷൻ, 1992 ൽ ഇന്ത്യയും പാകിസ്ഥാനും ചേർന്ന് ഒപ്പു വയ്ക്കുകയും 2018 മാർച്ചി; പുതുക്കുകയും ചെയ്ത 'നയതന്ത്ര/കോൺസുലാർ ഉദ്യോഗസ്ഥരെ പരിഗണിക്കുന്നതിനുള്ള പെരുമാറ്റച്ചട്ടങ്ങൾ ' എന്നിവയുടെ ലംഘനം മാത്രമല്ല മരിച്ചു നയതന്ത്ര പെരുമാറ്റങ്ങളുടെ നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളുടെയും ലംഘനമാണ്.

ഇന്ത്യൻ മിഷനിലെ കൂടുതൽ ഉദ്യോഗസ്ഥരെ ശാരീരികമായി ഉപദ്രവിക്കുമെന്നു ഭീഷണിപ്പെടുത്തിയ വസ്തുതയായാണ് ഗുരുതരമായ ആശങ്കയ്ക്ക് വഴിവെയ്ക്കുന്നത്. ഇന്ത്യൻ കമ്മീഷൻ ഉദ്യോഗസ്ഥർ, ജോലിക്കാർ, അവരുടെ കുടുംബങ്ങൾ വസ്തുവഹകൾ എന്നിവയ്ക്കെല്ലാം സുരക്ഷിതം നൽകേണ്ടതിന്റെ ഉത്തരവാദിത്വം പാകിസ്താന് തന്നെയാണ് എന്നുള്ളതും ചൂണ്ടികാണിച്ചു.

ഇത്തരത്തിലുള്ള സമ്മർദം വർദ്ധിപ്പിക്കുന്നതിനുള്ള ഏകപക്ഷീയമായ പ്രവർത്തങ്ങൾ മൂലം ഇന്ത്യയ്ക്കെതിരെ പാകിസ്ഥാൻ നടത്തുന്ന അതിർത്തിതീവ്രവാദം പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾക്ക് ആതിഥേയത്വം വഹിക്കുന്നതുമായ നടപടികളിൽ നിന്നും ശ്രദ്ധ തിരിക്കാൻ സാധിക്കില്ല.

**ന്യൂ ഡൽഹി**
**16 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.